# Spiritual Well (ആത്മീയകിണർ)




കപ്പലപകടത്തിൽ നിന്ന് രക്ഷപെട്ട ഒരു ശാസ്ത്രജ്ഞൻ ആഫ്രിക്കയിലെ ഒരു ദ്വീപിൽ എത്തിച്ചേർന്നു. ശാസ്ത്രജ്ഞൻ തന്റെ ചുറ്റുമുള്ള പ്രകൃതിയെപ്പറ്റി സൂക്ഷ്മനിരീക്ഷണം നടത്തി മുന്നോട്ട്പോകുമ്പോൾ ഒരു വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് ഒരു മനുഷ്യൻ പുസ്തകം വായിക്കുന്നതു കണ്ടു. നിങ്ങൾ അതീവ ശ്രദ്ധയോടെ വായിക്കുന്നത് ഏതുപുസ്തകമാണ് ശാസ്ത്രജ്ഞൻ അയാളോട് അന്വേഷിച്ചു. ബൈബിൾ എന്നു പേരുള്ള ദൈവവചനമാണെന്ന് അയാൾ മറുപടി നൽകി. ഈ നൂതനകാലത്ത് താൻ എന്തിനാണ് ഈ പഴഞ്ചൻ പുസ്തകം വായിക്കുന്നതെന്ന് ശാസ്ത്രജ്ഞൻ ചോദിച്ചു. പരിഹാസിയായ മനുഷ്യനോട് വചനം വായിച്ച ആൾ പ്രതകരിച്ചു. ഈ പുസ്തകതാളുകളിൽ നിന്ന് സ്നേഹവാനായ ദൈവത്തെ അറിഞ്ഞില്ലായിരുന്നു എങ്കിൽ നിങ്ങളുടെ തല സൂപ്പാകുമായിരുന്നു. ഈ പുസ്തകം വായിക്കുന്തോറും ഒരു പുതിയശക്തി , വലിയ രൂപാന്തരം എന്നിവയിലേക്ക് എത്തുന്നത് ഞാനറിയുന്നു. ദൈവവചനം മനുഷ്യനിൽ വരുത്തുന്ന വ്യത്യാസം അവൻ ഉൾപ്പെട്ട സമൂഹത്തിന്റെ രൂപാന്തരത്തിന് കാരണമാകുന്നു. സമൂഹത്തിലെ മാറ്റം രാജ്യത്തെ തന്നെ വ്യത്യാസപ്പെടുത്തുന്നു. വചനം ഉപേക്ഷിക്കുന്ന വ്യക്തി ജീവിതങ്ങൾ സമൂഹത്തേയും രാജ്യത്തേയും നാശത്തിലേക്ക് തള്ളിയിടുന്നു. ഇന്ന് നാം കാണുന്നതും അത് തന്നെയാണ്.

“ദൈവീക നീരുറവ” ജയിക്കുന്നവന്റെ അവകാശമാണെങ്കിൽ ആ ഉറവയിലെ വെള്ളം സംഭരിച്ച കിണർ , അവകാശമാക്കുന്നത് ഒരു വിശ്വാസിയുടെ പദവിയാണ്. യോഹ(4:14) ൽ കിണറിന്റെ ഉടമസ്ഥനെ കാണാം. പാപത്തിൽ മരിച്ച നമ്മുടെ ജീവൻ ഉയർത്തെഴുന്നേറ്റ ക്രിസ്തുവി

നോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കണം. റോമ:(6:6) അനുസരിച്ച് പുതുമനുഷ്യനെ ധരിക്കണമെങ്കിൽ ആത്മീയ കിണറ്റിൽ നിന്ന് നാം കോരിക്കുടിക്കണം.

***എന്താണ് ആത്മീയ കിണറിന്റെ പ്രത്യേകതൾ***

ജീവജലത്തിന്റെ നീരുറവ നിറവുളളതായതിനാൽ ആത്മീയകിണർ ജലസമൃദ്ധിയുള്ളതാണ്. ആത്മീയ ജലമാകുന്ന ദൈവവചനം ദാഹിക്കുന്ന ഏവർക്കും ലഭ്യമാകുന്നതാണ്. . യോഹ :(1:1,2)-Read

ആത്മീയ ജലസമൃദ്ധി എവിടെയുണ്ടെങ്കിലും സാത്താൻ അവിടെ എത്തിയിരിക്കും. അതിന്റെ തെളിവാണ് Job:(1:8). 'നീ എന്റെ ദാസന്റെമേൽ ദൃഷ്ടിവച്ചുവോ? എന്നാണ് സാത്താനോട് ദൈവം ചോദിക്കുന്നത്. Job:ന്റെ സമൃദ്ധിയെ നശിപ്പിക്കുക എന്ന സാത്താന്യതന്ത്രമാണ് യിസഹാക്കിന്റെ ജീവിതത്തിലും സംഭവിച്ചത്. യിസഹാക്കിനെ ദൈവം അനുഗ്രഹിക്കുകയും അവൻ വർദ്ധിച്ച് വർദ്ധിച്ച് മഹാധനികനായി തീർന്നപ്പോൾ അവന്റെ വേലക്കാർ കുഴിച്ച നീരുറവയുള്ള കിണറുകൾക്ക് അവകാശികൾ എത്തി. (ഉല്പ:26:19-25). ഈ കിണർ അബ്രഹാമിന്റെ വേലക്കാർ കുഴിച്ചതും ഫെലിസ്ത്യർ നികത്തിയതുമായിരുന്നു. (ഉല്പ:26:15).

ഇത് അന്നത്തെകാലത്തെ യുദ്ധതന്ത്രമായിരുന്നു. പിതാവായ അബ്രഹാമിന്റെ അനുഗ്രഹത്തിന്റെ നീരുറവയ്ക്ക് മകൻ ഓഹരിക്കാരനാകുക മാത്രമല്ല യഹോവയാൽ അനുഗ്രിക്കപ്പെട്ടവനാകുകയും ചെയ്തു. (ഉല്പ:26:24). ഇതുപോലെ നമ്മുടെ തലമുറയ്ക്ക് നാം അനുഗ്രഹിക്കപ്പെട്ടവർ ആണോ ?

സഭ ഒരു കിണർ ആണെന്ന് ഉത്ത:4:15 ൽ കാണുന്നു. അതേ! "നീ വറ്റിപ്പോകാത്തകിണർ ആണ്" ആത്മാവിലാരാധിക്കുന്ന സഭയാം കിണറ്റിൽ മണ്ണിട്ട് മൂടുന്നത് അഥവാ ലൗകിക പ്രശ്നങ്ങൾ , താല്പര്യങ്ങൾ കൊണ്ടുവരുന്നത് സാത്താന്റെ തന്ത്രമാണ്. എന്നാൽ യഹോവ ഇടം ഉണ്ടാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നവൻ ആത്മീയകിണറ്റിലെ നീരുറവ കണ്ടെത്തി ജയിക്കുന്നു. കാരണം കിണർ അവന്റെ അവകാശമാണ്. അവന്റെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ആത്മീയ കിണറ്റിന്റെ നന്മ ലഭിക്കുമ്പോൾ യാഗപീഠം പണിത് യഹോവയുടെ നാമത്തിൽ യിസഹാക്കിനെപ്പോലെ ആരാധിക്കണം.

സംഖ്യ (21:16-18) വരെയുള്ള വാക്യങ്ങളിൽ യഹോവ വെള്ളം കൊടുക്കുമെന്ന് പറഞ്ഞ കിണറിന്റെ പ്രത്യക്ഷതയ്ക്കായി പാടുന്ന ജനത്തെകാണുന്നു. പാടി ആരാധിക്കുമ്പോൾ പൊങ്ങി വരുന്ന കിണർ പാപത്തിൽ നിന്ന് , രോഗത്തിൽ നിന്ന്, ശത്രുവിന്റെ ഭീഷണികളിൽ നിന്ന് നമ്മെ രക്ഷിക്കുന്ന ആത്മീയകിണർ അത്രെ. Read അപ്പോ:പ്ര:16:25-30 വിടുതലിന്റെ കിണറ്റിൽ നിന്ന് കോരിക്കുടിച്ചപ്പോൾ കാരാഗ്രപ്രമാണിയുടെ വീട് അടക്കം സന്തോഷിച്ചു. പൗലോസും ശീലാസും വേദനയോടെ പാടി ആരാധിച്ചതാണ് ഇതിന് കാരണം.

വഴികാട്ടിയാകുവാൻ കഴിയുന്നത് ആർക്കെന്ന് 1 ശമു:(9:11) ൽ കാണുന്നു. ദർശകന്റെ അടുക്കലേക്കുള്ള വഴി കാണിച്ചു കൊടുക്കുക മാത്രമല്ല വേഗം അവിടെ എത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ശമുവേലിന്റെ അടുക്കൽ ശൗലിനെ എത്തിച്ചത് വെള്ളംകോരുവാൻ വന്ന ബാല്യക്കാരത്തികളാണ്. നട്ടുച്ചയ്ക്ക് വെള്ളം കോരുവാൻ വന്ന സ്ത്രീയോട് കിണറിന്നരികെ ഇരുന്ന യേശു ജീവജലത്തെപ്പറ്റിയും അത് നൽകുന്നവനെപ്പറ്റിയും ബോധവതിയാക്കിയപ്പോൾ ഗ്രാമവാസികളെ അവൾ യേശുവിന്റെ അരികിലേക്കുള്ള വഴി കാണിച്ചുകൊടുത്തു. (യോഹ:4:4-26)-Read അതായത് സഭയാം കിണറ്റിൽ നിന്ന് വെള്ളം കോരുന്നവർക്കു മാത്രമേ ദൈവവചനത്തിന്റെ ശ്കതിയും അതിന്റെ പ്രയോജനവും വേഗം കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകതയേയും മറ്റുള്ളവർക്ക് പറഞ്ഞുകൊടുപ്പാൻ കഴിയുകയുള്ളൂ.

സഭയാം കിണർ വറ്റിപോകുന്നതിന്റെ കാരണങ്ങൾ യിരെ: (2:13)ൽ യഹോവ തന്നെ വ്യക്തമാക്കുന്നു. ഇന്ന് ലോകം , പാപം, പിശാച് ഇവ സഭയിൽ കയറുവാൻ തുടങ്ങികഴിഞ്ഞു. അതിനാൽ പല സഭകളിലും ആരാധനകഴിഞ്ഞുപോകുന്നവർ വെറുമ്പാത്രങ്ങളായിട്ടാണ് സഭയിൽ നിന്ന് മടങ്ങിപോകുന്നത്. കാരണം കിണറുകൾ പൊട്ടകിണറുകളാണ്. ജീവനുള്ള ദൈവത്തെ സഭ മറന്നാൽ പിന്നെ ദേശത്ത് മഴ പെയ്യുകയില്ല . ഉണങ്ങിവരണ്ട ദേശത്ത് പാർക്കുന്ന ജനത്തിന്റെ നിലവിളി ഉയരും സഭയിൽ നിന്ന് ആത്മാവിലെ ജലം കോരുവാൻ വരുന്നവർ തലമൂടുന്ന അവസ്ഥ ഉണ്ടാകും. സൂക്ഷിക്കുക.

Read- യിരെ:(14:1-4)

ആത്മീയകിണറ്റിൽ നിന്ന് വെള്ളം ലഭിക്കുവാനാഗ്രഹിക്കുന്ന സഭ വചനം കേട്ടനുസരിച്ച്, പാപത്തെ വേരോടെ നശിപ്പിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കണം.ദൈവത്തിൽ മറഞ്ഞിരിക്കുന്നവന് ആത്മീയശക്തി പ്രാപിപ്പാൻ കഴിയുകയും നാം ആത്മദാഹനിവർത്തിക്കായി അനേകരുടെ വഴികാട്ടികളാകുകയും ചെയ്യുന്നു. ഒരു വർഷംകൂടെ നീങ്ങിപ്പോകുമ്പോൾ നമ്മുടെ ആത്മീക നിലവാരത്തിന്റെ ഗ്രാഫിന് മാറ്റമുണ്ടോ ? മാറ്റമുള്ളവരായി പുതുവർഷത്തെ സ്വീകരിപ്പാൻ ദൈവം കൃപ ചെയ്യട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg